<u>15 -ാം കേരള നിയമസഭ</u>

<u>11 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3639</u> <u>27-06-2024 - ൽ മറുപടിയ്ക്ക്</u>

<u>സാങ്കേതിക സർവകലാശാല വൈസ് ചാൻസലർ നിയമനം</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സാങ്കേതിക സർവകലാശാലയിലെ വൈസ് ചാൻസലറുടെ നിയമനം റദ്ദാക്കിക്കൊണ്ടുള്ള സുപ്രീം കോടതി വിധിയും തുടർന്ന് വൈസ് ചാൻസലർ പദവിയിൽനിന്ന് പുറത്താക്കപ്പെട്ട വ്യക്തി നൽകിയ പുനഃപരിശോധന ഹർജിയിലെ വിധിയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത വിധികൾ നടപ്പിലാക്കുന്നതിനായി സർക്കാരും സർവകലാശാലയും കൈക്കൊണ്ട നടപടികൾ വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബഹു: സുപ്രീം കോടതി വിധി പുറപ്പെടുവിച്ച തീയതിയായ 21.10.2022 ൽ തന്നെ പ്രസ്തുത തസ്തികയിൽ നിന്നും വൈസ് ചാൻസലർ സ്ഥാനമൊഴിഞ്ഞു. |
| (ബി) | ഇത്തരത്തിൽ വൈസ് ചാൻസലർ നിയമനം റദ്ദാക്കപ്പെട്ട വ്യക്തി മാതൃവകുപ്പിൽ തിരികെ പ്രവേശിക്കുവാൻ എന്നാണ് അപേക്ഷ നൽകിയതെന്ന് വ്യക്തമാക്കാമോ; | (ബി) | വൈസ് ചാൻസലർ നിയമനം റദ്ദാക്കപ്പെട്ട വ്യക്തി മാതൃവകുപ്പിൽ തിരികെ പ്രവേശിക്കുവാൻ 20.12.2022 ലാണ് അപേക്ഷ നൽകിയത്. |
| (സി) | നിയമനം റദ്ദാക്കപ്പെട്ട ദിവസം മുതൽ സാങ്കേതിക വിദ്യാഭ്യാസവകുപ്പിൽ പുനഃപ്രവേശിക്കുവാൻ അപേക്ഷ നൽകിയതുവരെയുള്ള കാലഘട്ടത്തിലെ സർവീസും ശമ്പളവും ഏതുചട്ടപ്രകാരമാണ് ക്രമീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ; | (സി) | എ.പി.ജെ അബ്ദുൾകലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാല വൈസ് ചാൻസലർ പദവിയിൽ നിന്നും വിടുതൽ ചെയ്തതിനെത്തുടർന്ന് പുനർനിയമനം ലഭിക്കുന്നതിന് വേണ്ടി കാത്തിരുന്ന 21.10.2022 മുതൽ 27.02.2023 വരെയുള്ള കാലയളവ് ചട്ടങ്ങളിൽ ഇളവുവരുത്തി ഡ്യൂട്ടിയായി ക്രമീകരിച്ചിട്ടുണ്ട്. |
| (ഡി) | വൈസ് ചാൻസലർ നിയമനം റദ്ദാക്കപ്പെട്ട വ്യക്തിക്ക് നൽകിയ ശമ്പളവും മറ്റാനുകൂല്യങ്ങളും സർവകലാശാല ഫണ്ടിലേക്ക് മടക്കി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഏത് നിയമത്തിന്റെ അടിസ്ഥാനത്തിലാണ് ശമ്പളവും മറ്റാനുകൂല്യങ്ങളും നിയമനം റദ്ദാക്കപ്പെട്ട വ്യക്തിയിൽ നിന്നും സർവകലാശാല തിരികെ ആവശ്യപ്പെടാതിരിക്കുന്നതെന്ന് വിശദമാക്കാമോ; | (ഡി) | ഇല്ല. വൈസ് ചാൻസലർ ആയി സേവനമനുഷ്ഠിച്ച 21.02.2019 തീയതി മുതൽ 21.10.2022 തീയതി വരെയുള്ള കാലയളവിൽ വാങ്ങിയ ശമ്പളവും മറ്റാനുകൂല്യങ്ങളും തിരിച്ചു പിടിക്കണം എന്ന വ്യവസ്ഥയോ തിരിച്ചു പിടിക്കണം എന്ന നിർദ്ദേശമോ നിയമനം റദ്ദാക്കികൊണ്ടുള്ള വിധി ന്യായത്തിൽ നിർദ്ദേശിച്ചിട്ടില്ല. |
| (ഇ) | വൈസ് ചാൻസലർ പദവിയിലെ നിയമനം റദ്ദാക്കപ്പെട്ട വ്യക്തിക്ക് സർവകലാശാല ലാസ്റ്റ് പേ സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ടോ; എങ്കിൽ | (ഇ) | ഇല്ല |

| | | | |
|---|---|---|---|
| | എപ്രകാരമാണ് ഇത് സർവകലാശാല നൽകിയതെന്ന് വ്യക്തമാക്കാമോ; ബന്ധപ്പെട്ട രേഖകളുടെ പകർപ്പും ലഭ്യമാക്കാമോ? | | |

സെക്ഷൻ ഓഫീസർ